# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.3409    14.10.2011-ൽ മറുപടി പറയേണ്ടിയിരുന്നത്**

## 'ആശാ പ്രവർത്തകരുടെ സേവനം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ എത്ര ആശാ പ്രവർത്തകർ നിലവിലുണ്ട് ; | (എ) കേരളത്തിൽ 31838 ആശാപ്രവർത്തകർ നിലവിലുണ്ട്. |
| (ബി) പ്രസ്തുത പ്രവർത്തകർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ; | (ബി) ആശാപ്രവർത്തകർ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>➢ സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും ഉണ്ടാക്കുന്ന പ്രവർത്തനം<br>➢ ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്ന പ്രവർത്തനം<br>ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക<br>ഗർഭകാലശുശ്രൂഷയും, ടി.ടി.(IFA) എന്നിവയും ലഭ്യമാക്കുക.<br>ജനനീസുരക്ഷയോജനയുടെ പ്രയോജനം ലഭ്യമാക്കുക<br>കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക<br>➢ പ്രാദേശിക ആരോഗ്യപ്രശ്നങ്ങളെ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.<br>➢ വാർഡുതല ആരോഗ്യപോഷകദിനങ്ങൾ സംഘടിപ്പിക്കുക<br>➢ പകർച്ചവ്യാധി നിയന്ത്രണം, കൊതുക നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക.<br>➢ നവജാതശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യപ്രവർത്തകരെ അറിയിക്കുക<br>➢ നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്, ക്ഷയരോഗമരുന്ന് എന്നിവയുടെ പ്രാദേശികവിതരണക്കാരായി പ്രവർത്തിക്കുക |

| | |
|---|---|
| (സി) ഇവരുടെ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വേതനം നൽകുന്നുണ്ടോ ; | (സി) ആശപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് ഇവർക്കു നൽകുന്നത്. |
| (ഡി) കഴിഞ്ഞ സർക്കാർ പ്രസ്തുത പ്രവർത്തകരെ സ്ഥിരം ജീവനക്കാരായി ഉൾപ്പെടുത്തി സേവന വേതന വ്യവസ്ഥ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (ഡി) & (ഇ) : അത്തരം പ്രഖ്യാപനം നടത്തിയിട്ടില്ല. |
| (ഇ) പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ